പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 178

30.11.2015-ൽ
മറുപടിയ്ക്ക്

## കുട്ടനാട്ടിലെ എക്സൈസ് വകുപ്പിന് സ്പീഡ് ബോട്ട്

ചോദ്യം
ശ്രീ : തോമസ് ചാണ്ടി :

ഉത്തരം
ശ്രീ. കെ.ബാബു
(മത്സ്യബന്ധനവും തുറമുഖവും
എക്സൈസും വകുപ്പ് മന്ത്രി)

(എ) കുട്ടനാട്ടിലെ എക്സൈസ് വകുപ്പിന് സ്പീഡ് ബോട്ട് അനുവദിക്കുന്നതിന് സമർപ്പിച്ച അപേക്ഷയിൽ മേൽ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(ബി) കായൽ പ്രദേശങ്ങളിലെ അനധികൃത മദ്യ നിർമ്മാണവും കച്ചവടവും തടയുന്നതിനായി പ്രസ്തുത സ്പീഡ് ബോട്ട് അനുവദിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

(എ) യും (ബി) യും

കായൽ പ്രദേശങ്ങളിലെ അനധികൃത മദ്യ നിർമ്മാണവും കച്ചവടവും തടയുന്നതിനായി കുട്ടനാട് എക്സൈസ് റേഞ്ച് ഓഫീസിലേക്ക് ഒരു സ്റ്റീൽ ബോട്ട് അനുവദിക്കണമെന്ന എക്സൈസ് കമ്മീഷണറുടെ ആവശ്യത്തിൻ മേൽ 18/05/2010 ലെ സർക്കാർ ഉത്തരവ് (ആർ.റ്റി) നംപർ 441/10/നി.വ പ്രകാരം ഒരു സ്റ്റീൽ ബോട്ട് വാങ്ങുന്നതിന് അനുമതി നൽകുകയും മേൽ ബോട്ടിന്റെ പണി പൂർത്തിയായി 2014-ൽ എക്സൈസ് വകുപ്പിന് ലഭിക്കുകയുണ്ടായി. എന്നാൽ മേൽ സ്റ്റീൽ ബോട്ട് കുട്ടനാട് പ്രദേശത്തിന് അനുയോജ്യമല്ലെന്നും ആയതിനാൽ സ്റ്റീൽബോട്ടിന്പകരമായി ഒരു

സ്പീഡ് ബോട്ട് അനുവദിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ഒരു പ്രപ്പോസൽ എക്സൈസ് കമ്മീഷണറിൽ നിന്നും 26.11.2015-ന് ലഭിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ.